ഉത്തരം

(എ) പരാതികൾ താഴെ പറയുന്നവയാണ് :

(1) സ്വകാര്യ കമ്പനിയാണ് ചോദ്യങ്ങൾ തയ്യാറാക്കിയത്.
(2) മൈക്രോസോഫ്റ്റിന്റെ വിൻഡോസിൽ മാത്രമേ ഇത് പ്രവർത്തിക്കുകയുള്ളൂ.
(3) ഇത് ഉപയോഗിക്കാനായി സ്കൂളിൽ ഇപ്പോഴുള്ള എല്ലാ കമ്പ്യൂട്ടറുകളും മാറ്റേണ്ടിവരും.
(4) തെറ്റായ രീതിയിൽ ഫലം ലഭിക്കുന്നു.

(ബി) എൻ. ഐ. സി. യുടെ സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസറുടെ നേതൃത്വത്തിൽ സർക്കാർ നിയോഗിച്ചിരുന്ന വിദഗ്ധ സമിതിയുടെ അംഗീകാരം ഈ സോഫ്റ്റ്വെയറിന് ലഭിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ സ്റ്റാൻഡർഡൈസേഷൻ ടെസ്റ്റിംഗ് ആന്റ് ക്വാളിറ്റി കൺട്രോൾ (STQC) ലാബിന്റെ പരിശോധനയും നടത്തിയിട്ടുണ്ട്.

(സി) എസ്. എസ്. എൽ. സി. മോഡൽ പരീക്ഷയ്ക്കും പൊതുപരീക്ഷയ്ക്കും ഈ സോഫ്റ്റ്വെയർ ഉപയോഗിക്കാവുന്നതാണ് എന്നാണ് പരിശോധന നടത്തിയ വിദഗ്ധ സമിതി ഉപദേശം നൽകിയത്.

എസ്. എസ്. എൽ. സി. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾ യഥാസമയത്ത് നൽകാൻ നടപടി

116 [715] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരീക്ഷാ ഭവനിൽ എസ്. എസ്. എൽ. സി. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾ യഥാസമയത്ത് ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർട്ടിഫിക്കറ്റുകൾ കിട്ടുന്നതിനുവേണ്ടി വർഷങ്ങളുടെ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇപ്പോൾ ഓരോ ജില്ലയിൽ നിന്നും ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനുള്ള എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന് അപേക്ഷിച്ചാൽ ഒരു മാസത്തിനുള്ളിൽ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡ്യൂപ്ലിക്കേറ്റ് ബുക്ക് നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ യഥാസമയം ലഭിക്കാത്ത കേസ്സുകളിൽ കൂടുതൽ കാലതാമസം ഉണ്ടാകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു : (21-12-2004 വരെ)

തിരുവനന്തപുരം	..	874
കൊല്ലം	..	847
ആലപ്പുഴ	..	700
പത്തനംതിട്ട	..	605
കോട്ടയം	..	547
ഇടുക്കി	..	140
എറണാകുളം	..	567
തൃശ്ശൂർ	..	674
പാലക്കാട്	..	610
മലപ്പുറം	..	455
കോഴിക്കോട്	..	564
വയനാട്	..	180
കണ്ണൂർ	..	545
കാസർഗോഡ്	..	190
ലക്ഷദ്വീപ്/ഗൾഫ് രാജ്യങ്ങൾ	..	11

(ബി) ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കാലതാമസം കുറയ്ക്കുന്നതിന് നടപടിക്രമങ്ങളിൽ അയവു വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജി. ഒ. (എം. എസ്.) 39/05/ജന. എഡ്യു. തീയതി 5-2-2005 (ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്). †

എസ്. എസ്. എൽ. സി. ബുക്കിൽ ജാതി രേഖപ്പെടുത്തൽ

117 [716] ശ്രീ. സി. പി. മുഹമ്മദ് :
„ കെ. സുധാകരൻ:
„ എം. എ. ചന്ദ്രശേഖരൻ:
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റിൽ ജാതിയും മതവും രേഖപ്പെടുത്തുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ രേഖ എന്തെല്ലാം ഔദ്യോഗിക കാര്യങ്ങൾക്കുള്ള തെളിവായി സ്വീകരിക്കപ്പെടുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തൊഴിൽ സംബന്ധമായ സംവരണാനുകൂല്യങ്ങൾ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, വയസിളവ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിന് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ ജാതിയും മതവും പരിഗണിക്കാറുണ്ട്.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[7-2-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 116(715) സദയം കാണുക.]

പൊതു വിദ്യാഭ്യാസം—എസ്. എസ്. എൽ. സി. ഡ്യൂപ്ലിക്കേറ്റ് ബുക്ക് നൽകൽ—ഗസറ്റ് വിജ്ഞാപനം ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ (ജി) വകുപ്പ്

ജി. ഒ. (എം.എസ്.) 39/05/പൊ.വി. വ. *തിരുവനന്തപുരം, തീയതി 2005 ഫെബ്രുവരി 5.*

പരാമർശം:—1. എട്ടാമത് സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റീയറിംഗ് കമ്മിറ്റി 9-6-2004-ൽ കൂടിയ മീറ്റിംഗിന്റെ മിനിട്ട്സ്.

2. പരീക്ഷാകമ്മീഷണറുടെ സി. ജനറൽ (1)/29311/04 നമ്പരിൽ 1-12-2004-ലെ കത്ത്.

ഉത്തരവ്

എസ്. എസ്. എൽ. സി. ഡ്യൂപ്ലിക്കേറ്റ് ബുക്ക് ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്കൂൾ കരിക്കുലം സ്റ്റീയറിംഗ് കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഡ്യൂപ്ലിക്കേറ്റ് ബുക്ക് നൽകുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങളിൽ ഗസറ്റ് വിജ്ഞാപനം ഒഴിവാക്കാമെന്ന് പരീക്ഷാ കമ്മീഷണർ അഭിപ്രായപ്പെട്ടു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചശേഷം എസ്. എസ്. എൽ. സി. ഡ്യൂപ്ലിക്കേറ്റ് ബുക്ക് നൽകുന്നതിന് ഗസറ്റ് വിജ്ഞാപനം ഒഴിവാക്കി താഴെപ്പറയും പ്രകാരം നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

നടപടിക്രമങ്ങൾ

1. ഗസറ്റ് വിജ്ഞാപനത്തിനുപകരം സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ട വിവരം അപേക്ഷകൻ സ്വന്തം ചെലവിൽ അപേക്ഷാഫോമിൽ നൽകുന്ന മാതൃകയിൽ സംസ്ഥാനത്തിനുള്ളിൽ പ്രചാരത്തിൽ ഒന്നുമുതൽ നാലാംസ്ഥാനം വരെയുള്ള ദിനപത്രങ്ങളിൽ ഏതെങ്കിലും ഒന്നിൽ പരസ്യപ്പെടുത്തേണ്ടതും ദിനപത്രത്തിന്റെ കട്ടിംഗ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

2. ഒന്നാംക്ലാസ്സ് ജുഡീഷ്യൽ മജസ്ട്രേറ്റ്/ആർ.ഡി.ഒ./ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റിൽ നിന്ന്, സർട്ടിഫിക്കറ്റ് കണ്ടെടുക്കാൻ പറ്റാത്തവിധം നഷ്ടപ്പെട്ടിരിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(3) കൂട്ടി പഠിച്ച സ്ക്കൂളിന്റെ തലവൻ മുഖാന്തിരം അപേക്ഷ അയയ്ക്കേണ്ടതാണ്.

3. എസ്.എസ്. എൽ. സി. ഡ്യൂപ്ലിക്കേറ്റ് ബുക്ക് നൽകുന്ന കാര്യത്തിൽ അപേക്ഷകൾ പരീക്ഷാഭവനിൽ കിട്ടിയതിനുശേഷം താഴെപ്പറയുന്ന സമയക്രമം പാലിക്കാൻ പരീക്ഷാ കമ്മീഷണർ ശ്രദ്ധിക്കേണ്ടതാണ്.

1. 2000 വരെ പരീക്ഷ എഴുതിയവരുടെ സർട്ടിഫിക്കറ്റുകൾ പൂർണ്ണമായി നശിച്ചവ - പരമാവധി 3 മാസം
2. 2001 മുതൽ പരീക്ഷ എഴുതിയവരുടെ സർട്ടിഫിക്കറ്റുകൾ പൂർണ്ണമായി നശിച്ചവ - പരമാവധി ഒന്നര മാസം
3. ഭാഗികമായി നശിച്ചവ-2000 വരെ - പരമാവധി ഒന്നര മാസം
4. ഭാഗികമായി നശിച്ചവ-2001 മുതൽ - പരമാവധി ഒരു മാസം

4. അപേക്ഷ അയയ്ക്കുമ്പോൾ ശ്രദ്ധിക്കേണ്ട നിബന്ധനകളും പരസ്യത്തിന്റെ മാതൃകയും പുതുക്കിയ അപേക്ഷാഫോറത്തിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സാജൻ പീറ്റർ,
സെക്രട്ടറി.

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

LIBRARY ARCHIVES Kerala Legislative Assembly